**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** **13-09-2023 - ൽ മറുപടിയ്ക്ക്**

**എഫ്.എസ്.എസ്.എ.ഐ. നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബേക്കറികളിൽ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആറുമാസം കൂടുമ്പോൾ ലാബ്ടെസ്റ്റ് നടത്തണമെന്ന ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ). നിയമം (ഓരോന്നിനും 3000/-രൂപ മുതൽ 14000/- രൂപ വരെ ലാബ് ചാർജുകൾ വരുന്ന സാഹചര്യത്തിൽ) ചെറുകിട ബേക്കറി വ്യാപാരികളെ സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടിക്കുന്നതാണെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉൽപാദന യൂണിറ്റുകൾ അവർ ഉല്പാദിപ്പിയ്ക്കുന്ന ഭക്ഷ്യ വസ്തുക്കൾ 6 മാസത്തിലൊരിക്കൽ ലാബ് പരിശോധന നടത്തി FoSCoS സൈറ്റിൽ അപ്‌ലോഡ് ചെയ്യണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) നിഷ്കർഷിച്ചിട്ടുള്ളതാണ്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത്. ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പല സംഘടനകളും അറിയിച്ചതിനെത്തുടർന്ന് ആയത് സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണർ FSSAI യുടെ 40-ാം മത് Central Advisory Committee യിൽ ചർച്ച ചെയ്യുകയും തീരുമാനം എടുക്കുന്നതിലേയ്ക്കായി FSSAI യ്ക്ക് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ചെറുകിട ബേക്കറി വ്യാപാരികളുടെ ഇത്തരത്തിലുള്ള ആവലാതികൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ